തളിപ്പറമ്പ്—കുടിയാൻമല റൂട്ടിലെ കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ

604 [772] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത റൂട്ടായ തളിപ്പറമ്പ്—കുടിയാൻമല റൂട്ടിൽ കെ.എസ്.ആർ.ടി സി. ഇപ്പോൾ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ് ചെയ്യുന്നുണ്ട്:

(ബി) പതിവായി ഈ റൂട്ടിൽ സർവ്വീസ് മുടങ്ങുന്നതുമൂലം യാത്രക്കാർ കഷ്ടപ്പെടുന്നതായി പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 8 ഷെഡ്യൂളുകൾ ഓപ്പറേറു ചെയ്യുന്നുണ്ട്.

(ബി) സർവ്വീസ് മുടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ട്.

കുറ്റ്യാടി—പക്രംതളം റൂട്ടിൽ പ്രൈവറ് ബസ്സുകൾ

605 [777] ശ്രീ. എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലേയ്ക്ക് കുറ്റ്യാടി—പക്രംതളം റൂട്ടിൽ പ്രൈവറ് ബസ്സുകൾ അനുവദിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ:

(ബി) ഈ റൂട്ടിൽ കെ.എസ്.ആർ.ടി.സി. പുതിയ സർവ്വീസ് ആരംഭിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം?

ഉത്തരം

(എ) ഉണ്ട്. താഴെപ്പറയുന്ന റൂട്ടുകളിൽ പ്രൈവറ് ബസ് സർവ്വീസ്സുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

1. കൽപ്പറ—കുറ്റ്യാടി വഴി പക്രംതളം
2. മാനന്തവാടി—ചാന്തൻകോട് നട വഴി പക്രംതളം.
3. മാനന്തവാടി—തൊട്ടിൽപാലം വഴി പക്രംതളം.

(ബി,സി) തൃശ്ശൂർ, പൊൻകുന്നം, താമരശ്ശേരി, കോഴിക്കോട് എന്നിവിടങ്ങളിൽനിന്നും പുതിയ റോഡുവഴി മാനന്തവാടിക്ക് സർവ്വീസ്സുകൾ തുടങ്ങുന്ന കാര്യം പരിഗണിച്ചുവരുന്നു.

മണ്ണാർക്കാട് —ആനക്കട്ടി റൂട്ടിലെ ഫെയർസ്റ്റേജ് നിർണ്ണയം

606 [799] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫെയർ സ്റ്റേജുകൾ ഏറ്റവും ഒടുവിൽ പുതുക്കി നിശ്ചയിച്ചപ്പോൾ മണ്ണാർക്കാട്—ആനക്കട്ടി റൂട്ടിലെ ഫെയർ സ്റ്റേജുകളെ സംബന്ധിച്ച് എന്തെങ്കിലും പരാതി ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധിച്ച് പാലക്കാട് ആർ. ടി. ഒ. നിയോഗിച്ച ആരെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ:

(സി) അന്വേഷണത്തിൽ കണ്ട അപാകതകൾ എന്തൊക്കെയാണ്?

(ഡി) ഇവ പരിഹരിക്കാൻ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഈ റൂട്ടിന്റെ മൊത്തം ദൂരം 54.6 കിലോമീറ്ററാണ്. നിലവിലുള്ള നിയമമനുസരിച്ച് ഒരു ഫെയർസ്റ്റേജിന് 2.5 കിലോമീറ്റർ എന്ന നിരക്കിൽ ഈ ദൂരത്തിന് 22 ഫെയർസ്റ്റേജുകളാണ് വരേണ്ടത്. എന്നാൽ ഈ ദൂരത്തിന് 24 ഫെയർ സ്റ്റേജുകളുള്ളതായി കാണപ്പെട്ടു.

(ഡി) ബന്ധപ്പെട്ടവരുമായി ആലോചിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ ട്രാൻസ്പോർട്ട് കമ്മീഷൻ ജില്ലാകളക്ടർക്കും ആർ. ടി. ഒ.യ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

നഷ്ടം കൂടാതെ സർവ്വീസ് നടത്തുന്ന റൂട്ടുകൾ

607 [801] ശ്രീ. സി. ടി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ. എസ്. ആർ. ടി. സി. യുടെ എത്ര റൂട്ടുകൾ നഷ്ടം കൂടാതെ സർവ്വീസ് നടത്തുന്നുണ്ടെന്നു വ്യക്തമാക്കാമോ?

ഉത്തരം

296 ഷെഡ്യൂളുകൾ നഷ്ടം കൂടാതെ പ്രവർത്തിക്കുന്നുണ്ട്.

വിദ്യാർത്ഥികൾക്ക് കൺസഷൻ

608 [803] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നുണ്ടോ;

(ബി) മലബാറിൽ ഇത് അനുവദിക്കുന്നില്ല എന്ന് പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ബസ്സുകളിൽ കെ. എസ്. ആർ. ടി. സി. എന്നോ, സ്വകാര്യബസ്സ് എന്നോ വ്യത്യാസമില്ലാതെ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നുണ്ട്.

(ബി, സി) മലബാറിൽ ഈ ആനുകൂല്യം ലഭിക്കുന്നില്ല എന്ന് പരാതി ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly